(എ) അന്യസംസ്ഥാനങ്ങളിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സഹകരണ ബാങ്ക് എന്തെങ്കിലും വായ്പാ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സുകളിലെ എത്ര വിദ്യാർത്ഥികൾക്ക് എന്തു തുകയാണ് പ്രസ്തുത പദ്ധതി പ്രകാരം വായ്പയായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി എന്തെങ്കിലും വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സുകളിലെ എത്ര വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭ്യമായിട്ടുള്ളത്.

(സി) അന്യ സംസ്ഥാനങ്ങളിലെ അപേക്ഷകൾ വിതരണം ചെയ്യുന്നതിനും പ്രോസസ് ചെയ്യുന്നതിനും ഏതെങ്കിലും സഹകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അവർ ശുപാർശ ചെയ്യുന്ന അപേക്ഷകൾക്കുള്ള സെക്യൂരിറ്റി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് സംസ്ഥാന സഹകരണ ബാങ്ക് ഫീസിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്;

(ഇ) വിദ്യാഭ്യാസ വായ്പാ വിതരണം സംസ്ഥാനത്തെ സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കു മാത്രമായി പരിമിതപ്പെടുത്താനും സഹകാര്യ സ്ഥാപനങ്ങളെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല. ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) സർക്കാർ തലത്തിലും സ്വാശ്രയതലത്തിലും ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വായ്പ ലഭ്യമാണ്.

സംസ്ഥാന സഹകരണ ബാങ്ക് അൻപത് ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ നൽകിയിട്ടുള്ളവരുടെ ലിസ്റ്റ്

141 [574] *ശ്രീ. പി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഭരണ സമിതി അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക് ഇതേവരെ അൻപത് ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ നൽകിയിട്ടുള്ളവരുടെ ലിസ്റ്റ് വായ്പത്തുക ഉൾപ്പെടെ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വായ്പകളിൽ മതിയായ ഈട് ഇല്ലാതെ വായ്പ നൽകിയതായി നബാർഡ് ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഷെഡ്യൂൾഡ് ബാങ്കുകളിലെ കുടിശ്ശിക വായ്പ തിരിച്ചടയ്ക്കുന്നതിലേക്ക് ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് ടേക്ക് ഓവർ ലോൺ നൽകുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു തുക ഏത് തീയതികളിൽ ആർക്കെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2004-ലെ ഫൈനൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇൻഡസ്ട്രിയൽ കോംപ്ലക്സ്

142 [577] *ശ്രീ. ടി. എൻ. പ്രതാപൻ:*

„ *ജോർജ് ജെ. മാത്യു:*

„ *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇൻഡസ്ട്രിയൽ കോംപ്ലക്സ് സ്ഥാപിക്കുന്നുണ്ടോ; എങ്കിൽ എവിടെ;

(ബി) ഇവിടെ എന്തെല്ലാം സാധനങ്ങൾ ഉൽപാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് എന്തു ചെലവ് വരും എന്ന് പറയാമോ?

ഉത്തരം

(എ) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിർദ്ദിഷ്ട കൊച്ചി സ്മാർട്ട് സിറ്റിക്കടുത്ത് സ്ഥലം ലഭ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇപ്പോൾ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് റബ്ബർ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ചെലവു സംബന്ധിച്ച കാര്യങ്ങൾ അറിയാൻ കഴിയുകയുള്ളൂ.

(ചോദ്യോത്തരം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly